# ഹയർ സെക്കണ്ടറി മേഖലയിലെ അശാസ്ത്രീയമായ സീറ്റുവർദ്ധനവ് ആ മേഖലയെ തകർക്കുമെന്ന കാര്യം ഓർക്കണം

ഹയർ സെക്കണ്ടറി ബാച്ചുകളിലെ സീറ്റുകളുടെ എണ്ണം മുൻവർഷങ്ങളിൽ അശാസ്ത്രീയമായി വർദ്ധിപ്പിച്ചത് ഈ മേഖലയിൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. ഒരു ബാച്ചിൽ പരമാവധി 50 വിദ്യാർത്ഥികൾ എന്നതാണ് നിലവിലുള്ള വ്യവസ്ഥ. അതിനുള്ള അടിസ്ഥാന സൗകര്യങ്ങളാണ് വിദ്യാലയങ്ങളിൽ ഒരുക്കിയിട്ടുള്ളത്. എന്നാൽ കഴിഞ്ഞ അദ്ധ്യയനവർഷം പ്രവേശനനടപടികൾ തുടങ്ങിക്കഴിഞ്ഞ്, വേണ്ടത്ര പഠനമില്ലാതെ 30% സീറ്റുവരെ വർദ്ധിപ്പിച്ചു. 50 വിദ്യാർത്ഥികൾ ഇരിക്കേണ്ട ക്ലാസ്മുറികളിൽ 65 വിദ്യാർത്ഥികൾവരെ തിങ്ങിനിറഞ്ഞിരിക്കേണ്ട സാഹചര്യം ഇതുമൂലം ഉണ്ടായി. വിദ്യാലയങ്ങളുടെ സുഗമമായ പ്രവർത്തനത്തെയും പഠനനിലവാരത്തെയും വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെയും ഇത് ദോഷകരമായി ബാധിച്ചു.

ചില ജില്ലകളിൽ അപേക്ഷകർ കൂടുതലുണ്ടെന്ന ന്യായമാണ് ഇക്കാര്യത്തിൽ വിദ്യാഭ്യാസവകുപ്പ് പറയുന്നത്. എന്നാൽ പല വിദ്യാലയങ്ങളിലും ബാച്ചുകൾ നിലനില്ക്കുന്നതിനാവശ്യമായ മിനിമം വിദ്യാർത്ഥികൾപോലുമില്ലാത്ത അവസ്ഥ ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ അദ്ധ്യയനവർഷം പല ജില്ലകളിലും സപ്ലിമെന്ററി അലോട്ട്മെന്റിനു ശേഷം ഗവണ്മെന്റ് / എയിഡഡ് മേഖലയിൽ ആയിരക്കണക്കിന് സീറ്റുകൾ ഒഴിഞ്ഞുകിടക്കുമ്പോൾ, സപ്ലിമെന്ററി അലോട്ട്മെന്റിന് ഒരു അപേക്ഷകൻപോലും ഇല്ലാതിരുന്ന ജില്ലകളിൽപോലും പൊതുവായി 10% സീറ്റ് വർദ്ധിപ്പിച്ചത് നീതീകരിക്കാവുന്നതല്ല.

ഈ അദ്ധ്യയനവർഷം പൊതുവിദ്യാഭ്യാസമേഖലയിൽനിന്ന് ഉപരിപഠനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികളിൽ മുൻവർഷത്തെ അപേക്ഷിച്ച് ഒൻപതിനായിരത്തിൽപരം വിദ്യാർത്ഥികളുടെ കുറവുണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്. ഈ സാഹചര്യത്തിൽ യാതൊരു മാനദണ്ഡവും നോക്കാതെ അശാസ്ത്രീയമായി ഈ വർഷവും പ്ലസ് വൺ സീറ്റുകൾ വർദ്ധിപ്പിക്കുന്നത് ഹയർ സെക്കണ്ടറിമേഖലയെ പ്രതികൂലമായി ബാധിക്കും. അപേക്ഷകർ കൂടുതലുള്ള പ്രദേശങ്ങളിൽ ശാസ്ത്രീയപഠനത്തിനുശേഷം അനിവാര്യമെങ്കിൽ പ്രാദേശികമായി സീറ്റ് വർദ്ധിപ്പിക്കുന്ന നിലപാടാണ് അധികൃതർ സ്വീകരിക്കേണ്ടത്.

വിദ്യാഭ്യാസമേഖലയിൽ യാതൊരു പഠനവും നടത്താതെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഇത്തരം പരിഷ്കാരങ്ങളെ സംബന്ധിച്ച് പൊതുവിദ്യാഭ്യാസമേഖലയിലെ ദീർഘകാലത്തെ അനുഭവസമ്പത്തുള്ള സംഘടനകളും വ്യക്തികളും മത - സാമുദായിക സ്ഥാപനങ്ങളും ആശങ്ക ഉന്നയിക്കുമ്പോൾ അതിനെയെല്ലാം അവഗണിച്ചുകൊണ്ട് അവയെപ്പറ്റി ഒരു അന്വേഷണംപോലും നടത്താതെയുള്ള വിദ്യാഭ്യാസവകുപ്പിന്റെയും സർക്കാരിന്റെയും ഏകപക്ഷീയമായ ഇത്തരം നടപ്പാക്കൽപദ്ധതി ഒരുതരത്തിലും അംഗീകരിക്കാവുന്നതല്ല. യാതൊരു ലക്ഷ്യവും ഇല്ലാത്ത ഈ പോക്ക് വിദ്യാഭ്യാസനിലവാരത്തെത്തന്നെ തകർക്കുമെന്ന കാര്യം ബന്ധപ്പെട്ടവർ ഓർക്കുന്നത് നന്ന്.